## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കോട്ടയം ജില്ല - കോട്ടയം നഗരസഭ - നാട്ടകം വില്ലേജ് - **ശവസംസ്കാര വാൾട്ട് നിർമ്മാണം** - മാസ്റ്റർ പ്ലാൻ പ്രകാരം കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോട്ടയം നഗരസഭ സെക്രട്ടറിയുടെ 16/11/2019 ലെ NBA-465/18-19 നമ്പർ കത്ത്.

2. കോട്ടയം ടൗൺ പ്ലാനറുടെ 10/12/2019 ലെ TCPKTM/1511/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/3193/2019 -C3** തീയതി: **24/01/2020**

---

കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭ പരിധിയിലുള്ള നാട്ടകം വില്ലേജിൽ റീ സർവ്വേ നമ്പർ 487/13 - ൽ ഉൾപ്പെട്ട 33.40 ആർ സ്ഥലത്ത് ശവസംസ്കാര വാൾട്ട് നിർമ്മാണം (നിലവിലുള്ള ചർച്ച്/ഓഫീസ്-394.73 sq.m-ഉം നിർദ്ദിഷ്ട നിർമ്മാണം (valt) -27.20 sq.m-ഉം ഉൾപ്പെടെ ആകെ 421.75 sq.m ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ട്രസ്റ്റി, ജറുസലേം മാർത്തോമ്മാ ചർച്ച്, നാട്ടകം, കോട്ടയം - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ. 1999 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പ വരുത്തണം.
2. ജില്ലാ കളക്ടറുടെ എൻ.ഒ.സി ലഭ്യമാക്കേണ്ടതാണ്.
3. പ്രസ്തുത നിർമ്മാണം കെ.എം.ബി.ആർ-1999 ചട്ടങ്ങൾക്കും മറ്റ് അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർമ്മാണ സ്ഥലത്തേയ്ക്കും നിർമ്മാണത്തിലേയ്ക്കുള്ള വഴിയുടെ വീതി 59 (4) Proviso 1 പ്രകാരം 3 മീ. ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. നിലവിലുള്ള കെട്ടിടങ്ങൾക്ക് ചട്ടം 34 പ്രകാരം പാർക്കിംഗ് ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ ഔട്ട് അംഗീകാരം / നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

**ജില്ലാ ടൗൺ പ്ലാനർ,**
കോട്ടയം

<u>പകർപ്പ്:-</u>

1. ട്രസ്റ്റി, ജറുസലേം മാർത്തോമ്മാ ചർച്ച്, നാട്ടകം, കോട്ടയം.
2. സെക്രട്ടറി, കോട്ടയം നഗരസഭ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം